പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

## ആറാമത് റിപ്പോർട്ട്

(2017 മേയ് 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2016-2019)

ആറാമത് റിപ്പോർട്ട്

544/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | V |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എ. എം. ആരിഫ്.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

,, പി. വി. അൻവർ

,, എൽദോ എബ്രഹാം

,, ജോർജ് എം. തോമസ്

,, എം. രാജഗോപാലൻ

,, കെ. എസ്. ശബരീനാഥൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2017 മേയ് 5-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2017 മേയ് 3-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിച്ചു. പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 1 | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ നോട്ടീസ് നൽകിയതും, അദ്ദേഹത്തിനു വേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം | സമയം 15 മിനിറ്റ് |
| 2 | ശ്രീ. കെ.വി. അബ്ദുൽ ഖാദർ നോട്ടീസ് നൽകിയ പ്രമേയം | സമയം 45 മിനിറ്റ് |
| 3 | ശ്രീ. സി. മമ്മൂട്ടി നോട്ടീസ് നൽകിയ പ്രമേയം | സമയം 45 മിനിറ്റ് |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ പി. നോട്ടീസ് നൽകിയ പ്രമേയം | സമയം 45 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും അതിന് ആവശ്യമില്ലാതെവരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. 2017 മേയ് 3-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

5. 2017 മേയ് 5-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

എ. എം. ആരിഫ്,
*അദ്ധ്യക്ഷൻ,*
*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 4.

<u>അനുബന്ധം</u>

## 2017 മേയ് 5-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (28-10-2016-ന് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "മുൻവർഷങ്ങളിലെ മഴക്കുറവുമൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുത്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവുമൂലം കാർഷികോത്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരുംദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു". |
| 2 | ശ്രീ. കെ. വി. അബ്ദുൽ ഖാദർ | "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി |

| 1 | 2 | 3 |
|---|---|---|
| | | തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു". |
| 3 | ശ്രീ. സി. മമ്മൂട്ടി | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു". |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | "മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, മാതാപിതാക്കൾക്ക മാത്രമല്ല സമൂഹത്തിന്റെ തന്നെ വേദനയായി മാറുകയാണ്. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ സ്വന്തം |

| 1 | 2 | 3 |
|---|---|---|
| | | തൊഴിൽ ഉപേക്ഷിച്ച് ഇവരോടൊപ്പം സദാസമയവും ചെലവഴിക്കാൻ നിർബന്ധിതരാകുന്നത് അവരുടെ കുടുംബങ്ങളെ സാമ്പത്തികമായി തളർത്തുന്നു. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്ന രീതിയിൽ പരിശീലനം നൽകുന്നതിനും ഉതകുന്ന വിധത്തിൽ, ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരുടെ മേൽനോട്ടത്തിൽ അവരെ പരിപാലിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ഇത്തരത്തിലുള്ള 30-ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ ഒരു ഡേ-കെയർ സെന്റർ എന്ന രീതിയിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു". |

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.